# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2131 — 17.02.2016- ലെ മറുപടിക്ക്

## നിക്ഷേപ രംഗത്തെ ഉണർവിനായി കർമ്മപരിപാടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, കെ.മുരളീധരൻ<br>,, ടി.എൻ.പ്രതാപൻ<br>,, എം.എ. വാഹിദ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിലെ നിക്ഷേപ രംഗത്തെ ഉണർവിനായി കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ രംഗത്തെ ഉണർവിനായി 5 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 സഹകരണ നിക്ഷേപ രംഗത്ത് ഉണർവ് ഉണ്ടാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്? | (ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച 4 നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ 18,500/- കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിലൂടെ 22,527.67/- കോടി രൂപ സമാഹരിക്കുന്നതിന് സാധിച്ചു. ഈ സർക്കാരിന്റെ കാലത്തെ 5-ാമത്തേതും 01.01.2016 മുതൽ 15.02.2016 വരെയുള്ള കാലയളവിലേയ്ക്ക് ഇപ്പോൾ സംഘടിപ്പിച്ച് കൊണ്ടിരിക്കുന്നതുമായ നിക്ഷേപ സമാഹരണ യജ്ഞത്തിൽ 6000 കോടി രൂപ |

…….2

സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക വഴി സഹകരണ സംഘങ്ങൾ/ ബാങ്കുകളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപകരെയും നിക്ഷേപവും ആകർഷിക്കുകയും ചെയ്യുകയെന്ന ലക്ഷ്യം കൈവരിക്കാനാണുദ്ദേശിക്കുന്നത്.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ നിക്ഷേപ സമാഹരണ യജ്ഞങ്ങളിലും വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും, സഹകാരികളെയും പങ്കെടുപ്പിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ചു. ഓരോ ജില്ലയ്ക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലയ്ക്കും വിവിധ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾ/ ബാങ്കുകൾക്ക് ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. ക്യാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകിയും ഉത്തരവായിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നീ സഹകരണ സ്ഥാപനങ്ങളെ നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പാക്കാൻ വകുപ്പ് മന്ത്രി ചെയർമാനായി കേരള

........3

സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മേൽ പരാമർശിച്ച സംഘങ്ങൾ/ബാങ്കുകളിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടാത്ത എല്ലാ സംഘങ്ങളും നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരേണ്ടതാണെന്നും, സ്കീമിൽ ചേരാത്ത സംഘങ്ങളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അവകാശം നഷ്ടമാകുമെന്നും, ഇത്തരം സംഘങ്ങളെ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ രജിസ്ട്രാറെ അധികാരപ്പെടുത്തിയുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**